## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - മികച്ച കായിക താരങ്ങൾക്ക് പബ്ലിക്ക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി - ആരോഗ്യ വകുപ്പിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1)കേരള ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ പൊതുഭരണ (സർവ്വീസ് - ഡി) വകുപ്പിന്റെ 24/01/2025 തീയതിയിലെ സ.ഉ.(കൈ) നം. 7/2025/GAD നമ്പർ ഉത്തരവ്.

2) ഉത്തരവ് നം DHS/10/2025-ED1, തീയതി: 12/04/2025.

3)ഉത്തരവ് നം. DHS/10/2025-ED1 (1), തീയതി: 15/04/2025.

3) സ.ഉ.(കൈ) നം. 101/2025/GAD, തീയതി: 29/07/2025.

4) 20/05/2006 ലെ സ.ഉ.(കൈ) നം. 127/2006/പൊഭവ.

5) 04/07/2023 ലെ സ.ഉ.(കൈ) നം. 103/2023/പൊഭവ.

6)കത്ത് നം: DMOH-EKM/2601/2025-A2 തീയതി :24-06-2025.

7). 17/2/2024-ലെ Health-M1/417/2023-Health നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നം : DHS/10/2025-ED1 തിയതി : 16-08-2025**

മികച്ച കായിക താരങ്ങൾക്ക് പബ്ലിക്ക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിൽ 249 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ 10 ഉദ്യോഗാർത്ഥികളെ ക്ലാർക്ക് തസ്തികയിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സജീവ കായികരംഗത്ത് തുടരുവാൻ ആഗ്രഹിക്കാത്ത 6 ഉദ്യോഗാർ ത്ഥികൾ ക്ക് പരാമർ ശം (2) പ്രകാരം ക്ലാർക്ക് തസ്തികയിൽ താൽ ക്കാലിക നിയമനം നൽകിയും, സജീവ കായികരംഗത്ത്

തുടരാൻ ആഗ്രഹിക്കുന്ന 2 പേർക്ക് പരാമർശം (3) പ്രകാരം ക്ലാർക്ക് തസ്തികയിൽ സൂപ്പർന്യൂമററി ആയി നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേല്പ്പറഞ്ഞ 10 പേരിൽ 2 പേർ നിയമനത്തിന് തല്പര്യപ്പെടുന്നില്ല.

2. പരാമർശം (1) പ്രകാരം ആരോഗ്യ വകുപ്പിൽ താൽക്കാലിക/സൂപ്പർന്യൂമററി ആയി ക്ലാർക്ക് തസ്തികയിൽ നിയമിയമിക്കപെട്ട ഓഫീസുകളിൽ ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി പ്രാബല്യത്തിൽ സൂപ്പർന്യൂമററി/ താത്കാലിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ജീവനക്കാരെ പ്രസ്തുത സൂപ്പർന്യൂമററി/ താത്കാലിക തസ്തികകളിൽ നിയമിച്ച് ഉത്തരവാകുന്നു .

**Supernumerary**

| SL.NO | Name | Post | Name of Office | With Effect From |
|---|---|---|---|---|
| 1 | Sri. SUBEESH M | Clerk | Taluk Head Quarters Hospital Pulincunnu, Alappuzha | 25/04/2025 |
| 2 | Sri. HALFASH T.H. | Clerk | Govt. Maharaja's Taluk Hospital, Karuvelipadi, Ernakulam | 05/05/2025 |

**Temporary**

| SL.NO | Name | Post | Name of Office | Duration of temporary post | |
|---|---|---|---|---|---|
| | | | | From | To |
| 1 | Smt. RESHMA M. | Clerk | TALUK HEAD QUARTERS HOSPITAL, SASTHAMCOTTA, Kollam | 05/05/2025 | 31/05/2025 |
| 2 | Smt. NIMYA N.A. | Clerk | District Medical Office (H) Wayanad | 05/05/2025 | 31/07/2025 |

| | | | | | |
|---|---|---|---|---|---|
| 3 | Smt. SWAPNA S. | Clerk | Taluk Hospital Attingal ,Thiruvananthapuram | 03/05/2025 | 31/05/2025 |
| 4 | Smt. ANJANA MOHAN | Clerk | District Medical Office (H) Kottayam | 30/04/2025 | 31/05/2025 |
| 5 | Smt. ANJANA P.R. | Clerk | District Hospital Kanhangad ,Kasargodu | 30/04/2025 | 31/05/2025 |

**3.** മേൽ സാഹചര്യത്തിൽ ആരോഗ്യ വകുപ്പിൽ ക്ലാർക്കിന്റെ താത്കാലിക തസ്തികകളുടെ പരമാവധി കാലാവധി മേൽ പ്രകാരമുള്ള കാലയളവ് വരെ അല്ലെങ്കിൽ ടിയാളുകൾ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ആറ് മാസം വരെ ഏതാണോ ആദ്യം അത് വരെ മാത്രമായിരിക്കും. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ചതിന് ശേഷം നിയമനാധികാരിക്ക് കീഴിലോ ആസ്ഥാന കാര്യാലയങ്ങളിലോ വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം, അന്യത്രസേവനം തുടങ്ങിയ കാരണങ്ങളാൽ ഉണ്ടായിട്ടുള്ള / ഉണ്ടാകുന്ന ആദ്യത്തെ റെഗുലർ ഒഴിവിൽ ഇവരെ നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്. ആറുമാസത്തിൽ കൂടുതൽ കാലാവധി ആവശ്യപ്പെട്ടിട്ടുള്ള താത്കാലിക തസ്തികകളുടെ കാര്യത്തിൽ, ആറ് മാസത്തിന് ശേഷവും റെഗുലർ ഒഴിവ് ഉണ്ടായിട്ടില്ലെങ്കിൽ മാത്രം, അന്നത്തെ സാഹചര്യം വിലയിരുത്തി തസ്തികകൾക്ക് തുടർച്ചാനുമതി ലഭിക്കുന്നതിനായി ബന്ധപ്പെട്ട നിയമനാധികാരിക്ക് കീഴിൽ പ്രസ്തുത തസ്തികയിൽ ടി ആറ് മാസ കാലയളവിനുള്ളിൽ ഒരു ഒഴിവും ഉണ്ടായിട്ടില്ല എന്നും, ടി തസ്തികയിൽ മറ്റ് തരത്തിൽ നിയമനം നടത്തിയിട്ടില്ല എന്നുമുള്ള നിയമനാധികാരിയുടെ സത്യവാങ്മൂലം സഹിതമുള്ള തുടർച്ചാനുമതി പ്രൊപ്പോസൽ വകുപ്പുമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. താത്കാലിക തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലയളവ്, സീനിയോരിറ്റി തുടങ്ങിയവ ടി ഉദ്യോഗസ്ഥരുടെ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ തന്നെ ആരംഭിക്കുന്നതാണ്.

4.സൂപ്പർന്യൂമററി തസ്തികകളിൽ പ്രവേശിച്ചവർക്ക് ദൈനംദിന കായിക പരിശീലനത്തിന് അവസരം നൽകേണ്ടതാണ്. ടിയാളുകൾ പ്രതിദിനം പൂർവാഹ്നം അല്ലെങ്കിൽ അപരാഹ്നം ജോലിക്ക് ഹാജരായാൽ മതിയാകുന്നതാണ്. സൂപ്പർന്യൂമററി തസ്തികയിൽ പ്രവേശിക്കുന്നവരുടെഎം സർവ്വീസ് സംബന്ധിച്ച് പരാമർശം (4) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പരാമർശം (5) പ്രകാരമുള്ള അവധികൾ അനുവദിക്കാവുന്നതുമാണ്. സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവർ കായികരംഗത്ത് വിരമിക്കുകയാണെങ്കിൽ പ്രസ്തുത വിവരം നിയമനാധികാരിയെ വകുപ്പുമേധാവിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. കായിക താരങ്ങൾ സജീവ കായിക രംഗത്ത് നിന്ന് വിരമിക്കുക. 35 വയസ്സ് പൂർത്തീകരിക്കുക. മറ്റേതെങ്കിലും കാരണത്താൽ തസ്തിക സൃഷ്ടിക്കപ്പെട്ട ഓഫീസിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുക എന്നിവയിൽ ഏതാണോ ആദ്യം അതുവരെയായിരിക്കും സൂപ്പർന്യൂമററി തസ്തികകകളുടെ കാലാവധി. അതിന് ശേഷം തസ്തികകൾ സ്വമേധയാ ഇല്ലാതാകപ്പെടുന്നതാണ്. കായിക രംഗത്ത് നിന്നും വിരമിക്കുകയോ 35 വയസ് പൂർത്തിയാകുകയോ ഏതാണോ ആദ്യം വരുന്നത് ടി തീയതി പ്രാബല്യത്തിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവരെ പരാമർശം (4), (5) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി വകുപ്പിലെ റെഗുലർ തസ്തികയിലേക്ക് ഉൾക്കൊള്ളിക്കേണ്ടതാണ്. ടി തിയതി പ്രാബല്യത്തിൽ ടീയാളുകളുടെ റെഗുലർ സർവ്വീസ് ആഭിക്കുന്നതാണ് 35 വയസിന് ശേഷം സജീവ കായിക രംഗത്ത് തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ പരാമർ ശം (4) ലെ നാലാം ഖണ്ഡികയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.പരാമർശം (2) പ്രകാരം എറണാകുളം,ജനറൽ ആശുപത്രിയിൽ താൽക്കാലിക ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയ ശ്രീമതി. സിസിലി ആൻസി സി.എ 02/05/2025 തീയതി സർവ്വീസിൽ പ്രവേശിച്ചിരുന്നു. എന്നാൽ എറണാകുളം ജില്ലയിൽ 29/04/2025 മുതൽ ക്ലാർക്ക് തസ്തികയിൽ ഒരു റെഗുലർ ഒഴിവ് ഉണ്ടായിട്ടുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പരാമർ ശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സിസിലി ആൻസി സി.എ പ്രവേശിച്ച തീയതിയുടെ പ്രാബല്യത്തിൽ പ്രസ്തുത ഒരു റെഗുലർ

ഒഴിവിൽ ഉൾക്കൊള്ളിക്കാൻ എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി ഇതോടൊപ്പം ഉത്തരവാകുന്നു .

6. പരാമർശം 7- ലെ സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം താത്കാലിക / സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് നിയമനം നൽകിയിട്ടുള്ള ജീവനക്കാരുടെ ശമ്പള ചെലവുകൾ അതാതു സ്ഥാപനത്തിലെ ജനറൽ സാലറി ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.

Signed by
M . Abul Kalam
Date: 16-08-2025 13:31:42

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ് : 1) ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / കോട്ടയം / എറണാകുളം / വയനാട് / കാസറഗോഡ്.

2)ഫയൽ/കരുതൽ ഫയൽ.